Dated: 12th Dec 2011
Deshabhimani

# ജെ സി മൻസുഖാനി മാൻ ഇൻഡസ്ട്രീസ് എംഡി

**കൊച്ചി:** പൈപ്പ് നിർമാണക്കമ്പനിയായ മാൻ ഇൻഡസ്ട്രീസ് (ഇന്ത്യ) മാനേജിങ് ഡയറക്ടറും വൈസ്ചെയർമാനുമായി ജെ സി മൻസുഖാനിയെ നിയമിച്ചു. കടുത്ത മത്സരത്തിനും ആഗോളമാന്ദ്യത്തിനുമിടയിൽ മികച്ച പ്രകടനമാണ് കമ്പനി കാഴ്ചവയ്ക്കുന്നതെന്ന് മൻസുഖാനി പറഞ്ഞു. എണ്ണ-പ്രകൃതിവാതക മേഖലയിൽ ഉപയോഗമുള്ള പൈപ്പുകൾ നിർമിക്കുന്ന കമ്പനിക്ക് പ്രതിവർഷം 10 ലക്ഷം ടൺ ഉൽപ്പാദനശേഷിയുണ്ട്. ബിഎസ്ഇയിലും എൻഎസ്ഇയിലും ഓഹരികൾ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള മാൻ ഇൻഡസ്ട്രീസിന്റെ ജിഡിആറുകൾ ദുബായ് ഇന്റർനാഷനൽ ഫിനാൻഷ്യൽ എക്സ്ചേഞ്ചിലും ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.